വകുപ്പുകളുടെ വാർഷികപദ്ധതി തുക വിനിയോഗം

81 (1517) ശ്രീ. എം. എ. ബേബി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ വാർഷിക പദ്ധതിച്ചെലവ് വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കുന്നത് ഏതെല്ലാം സംവിധാനങ്ങളിലൂടെയാണെന്നറിയിക്കാമോ ;

(ബി) പിൻവലിച്ച ശേഷം പദ്ധതിപ്പണം ചെലവിടാതെ അതാത് വകുപ്പുകളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പദ്ധതിപ്പണം ചെവലഴിക്കപ്പെട്ടതായി കണക്കിൽ വരുകയും എന്നാൽ ആയത് ചെലവഴിക്കപ്പെടാതെ വകുപ്പുകളുടെ അക്കൗണ്ടിൽ സൂക്ഷിക്കപ്പെടുകയും ചെയ്യുന്ന രീതി സംസ്ഥാനത്തിന്റെ വികസനത്തെ എപ്രകാരമെല്ലാം ബാധിച്ചിട്ടുണ്ടെന്നു വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത രീതിയിൽ ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുകയെ സംബന്ധിച്ചുള്ള കണക്ക് മേൽനോട്ട സംവിധാനത്തിലൂടെ ലഭ്യമാക്കാൻ സാധിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) മുഖ്യമന്ത്രി തലത്തിൽ വകുപ്പ് സെക്രട്ടറിമാരുടെ അവലോകനയോഗം നടത്തുകയുണ്ടായി. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും അവലോകനയോഗം ചേർന്ന് പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി വരുന്നു. വകുപ്പ് സെക്രട്ടറി തലത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ അവലോകനവും നടത്തുന്നുണ്ട്. ഈ യോഗങ്ങളിൽ പദ്ധതികൾക്ക് ഭരണാനുമതി സമയബന്ധിതമായി നൽകപ്പെടുന്നുണ്ടോയെന്ന് പ്രത്യേകം പരിശോധിക്കുന്നുണ്ട്. ജില്ലാ വികസന സമിതി യോഗത്തിന് പുറമേ ആഫീസർമാരുടെ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിന് ജില്ലാ ആഫീസർമാരുടെ പ്രത്യേക യോഗം നടത്തുന്നുണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം ഭരണാനുമതി വേണ്ട പദ്ധതികൾക്കെല്ലാം തന്നെ (ഏതാണ്ട് 10% ഒഴികെ) ഇതിനോടകം ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ പദ്ധതി പണം ചെലവഴിക്കാതെ വകുപ്പുകളുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്ന പ്രവണതയും നടപ്പു സാമ്പത്തിക വർഷത്തിന്റെ അവസാന മാസം ചെലവഴിക്കാത്ത തുക മാറ്റുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി നടപ്പു സാമ്പത്തിക വർഷത്തിന്റെ അവസാന രണ്ട് മാസങ്ങളിൽ ഏതൊരു ശീർഷകത്തിലെയും ചെലവഴിക്കാത്ത തുക മാറ്റുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്തിന്റെ 2014-2015-ലെ വാർഷിക പദ്ധതികൾ

82(1518) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 നടപ്പു വർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിക്കായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; വകുപ്പ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ആയതിൽ 2014 ഒക്ടോബർ 31 വരെ എത്ര രൂപ ചെലവഴിച്ചു; വകുപ്പ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതിനാൽ 2015 നവംബറിന് ശേഷം പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകരുത് എന്ന് മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം 20,000 കോടി രൂപ വാർഷിക പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി നൽകുന്നു.*

(ബി) 2014 ഒക്ടോബർ 31 വരെയുള്ള താത്കാലിക കണക്കനുസരിച്ച് 5424.22 കോടി (27%) രൂപ ചെലവഴിച്ചിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി നൽകുന്നു.*

(സി) 2014 നവംബറിനുശേഷം ഭരണാനുമതി നൽകരുതെന്ന തീരുമാനം മന്ത്രിസഭ അംഗീകരിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly